നമ്പർ. സി.പി(3)34322/2012

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി : 22.11.2013

Email: keralarcs.coop@kerala.gov.in
website : www.cooperation.kerala.gov.in
Fax : 0471-2331513
Tel-0471-2330726

# സർക്കുലർ നമ്പർ.75/13

വിഷയം : സഹകരണ വകുപ്പ് - സഹകരണ സ്ഥാപനങ്ങളിലെ നിക്ഷേപ പദ്ധതികൾ ഉപനിബന്ധനകൾ - നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

................

സംസ്ഥാനത്തെ പല സഹകരണസ്ഥാപനങ്ങളും ആകർഷകമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ച് പുതിയ നിക്ഷേപപദ്ധതികൾ ആരംഭിയ്ക്കുകയും ഇപ്രകാരംആരംഭിയ്ക്കുന്ന നിക്ഷേപ പദ്ധതികൾ ബാങ്കിന് നഷ്ടമുണ്ടാകുന്നകാരണത്താൽ ഒന്നോ രണ്ടോ വർഷത്തിനു ശേഷം ടി പദ്ധതികൾ നിർത്തലാക്കേണ്ടി വരുന്ന സാഹചര്യമുണ്ടാകുകയും തന്മൂലം ബാങ്കിന്റെ ഇടപാടുകാരുമായി തർക്കങ്ങൾക്ക് ഇടയാകുകയും ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. പരിശോധനയിൽ സൂക്ഷ്മമായി വിലയിരുത്തിയ ശേഷമോ, രജിസ്ട്രാറുടെ അംഗീകാരം വാങ്ങിയതിനു ശേഷമോ അല്ല ടി നിക്ഷേപ പദ്ധതികൾ ആരംഭിച്ചിട്ടുള്ളതെന്ന് കാണാൻ കഴിഞ്ഞു. ഇപ്രകാരം പ്രത്യേക നിക്ഷേപ പദ്ധതികളുമായി ബന്ധപ്പെട്ട് ചുവടെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

എ) സഹകരണ സ്ഥാപനങ്ങൾ ബൈലാ വ്യവസ്ഥകൾക്കനുസൃതമായി ഉപനിബന്ധകൾ അംഗീകരിച്ചുവാങ്ങിയ ശേഷംമാത്രമേ പ്രത്യേക നിക്ഷേപപദ്ധതികൾ ആരംഭിയ്ക്കാവൂ.

ബി) അംഗീകാരം വാങ്ങാതെ ആരംഭിച്ചിട്ടുള്ളതും നിലവിലുള്ളതുമായ പ്രത്യേക നിക്ഷേപ പദ്ധതികൾക്ക് 3 മാസത്തിനകം അംഗീകാരം വാങ്ങേണ്ടതാണ്.

സി) ഉപനിബന്ധനകൾക്ക് അംഗീകാരം ഇല്ലാതെ നിക്ഷേപ പദ്ധതികൾ നടത്തുന്ന സഹകരണ സ്ഥാപനങ്ങളുടെ നടപടി ഗുരുതരമായി വീക്ഷിക്കുന്നതും തന്മൂലം ഉണ്ടാകുന്ന എല്ലാ നഷ്ടങ്ങൾക്കും സംഘങ്ങളുടെ ഭരണ സമിതിയും ചീഫ് എക്സിക്യൂട്ടീവും ഉത്തരവാദിയാകുന്നതാണ്.

ഡി) പലപ്പോഴും, യഥാസമയം ഉപനിബന്ധനകൾ അംഗീകരിച്ചു നൽകുന്നതിന്, അനാവശ്യമായ കാലതാമസം, ജോയിന്റ് രജിസ്ട്രാർ ആഫീസ് തലത്തിൽ ഉണ്ടാകുന്നതായി കാണുന്നു. ഉപനിബന്ധനകൾ അംഗീകരിക്കുന്നതിനുള്ള അപേക്ഷ അസിസ്റ്റന്റ് രജിസ്ട്രാർക്ക് ലഭിച്ചാൽ ഒരാഴ്ചയ്ക്കകം ജോയിന്റ് രജിസ്ട്രാർക്ക്, അഭിപ്രായ സഹിതം സമർപ്പിക്കേണ്ടതും അസിസ്റ്റന്റ് രജിസ്ട്രാർ/ജോയിന്റ് രജിസ്ട്രാർ തലത്തിൽ 30 ദിവസത്തിനകം അന്തിമ തീരുമാനം കൈക്കൊള്ളേണ്ടതാണ്. അപേക്ഷക

ളിൽ തീരുമാനമെടുക്കുന്നതിന് അനാവശ്യമായി കാലതാമസം വരുത്തുന്ന നടപടി ഗുരുതരമായ വീഴ്ചയായി കാണുന്നതും, ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതുമാണ്.

ആയതിനാൽ മേൽ നിർദ്ദേശങ്ങൾ പാലിക്കുന്നുവെന്ന് ബന്ധപ്പെട്ട എല്ലാ വകുപ്പ് ഉദ്യോഗസ്ഥരും ഉറപ്പുവരുത്തേണ്ടതാണ്.

ഒപ്പ്
കെ.വി.സുരേഷ് ബാബു
സഹകരണ സംഘം രജിസ്ട്രാറുടെ
ചുമതല വഹിക്കുന്ന
അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്)

പകർപ്പ് :
1. എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും
2. എല്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും
3. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും (ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖാന്തിരം)
4. എല്ലാ അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും (ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മുഖാന്തിരം)
5. എഡിറ്റർ, സഹകരണ വീഥി, ജേർണൽ (പ്രസിദ്ധീകരണത്തിന്)
6. വെബ്സൈറ്റ്
7. സ്റ്റോക്ക് ഫയൽ
8. സ്പെയർ.

.